# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** 01.11.2019 ൽമറുപടിയ്ക്ക്

## മോട്ടോർ വാഹന നിയമലംഘനങ്ങളുടെ പേരിലുള്ള പിഴ

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,, എം. വിൻസെന്റ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന നിയമലംഘനങ്ങളുടെ മറവിൽ ജനങ്ങളെ കൊള്ളയടിക്കുന്ന രീതിയിലുള്ള കേന്ദ്ര നിയമഭേദഗതി പൂർണ്ണതോതിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 01/09/2019 ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചുണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26/10/2019 ലെ സ.ഉ (പി)37/2019/ഗതാ നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | കേന്ദ്ര നിയമം സെപ്റ്റംബർ 1 മുതൽ നടപ്പിലാക്കുമെന്ന് കാണിച്ച് ഓഗസ്റ്റ് 31ന് തന്നെ സംസ്ഥാന സർക്കാർ വിജ്ഞാപനം ഇറക്കിയിരുന്നോ; | (ബി) | ഇറക്കിയിരുന്നു. |
| (സി) | ബംഗാൾ ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും കേന്ദ്ര നിയമം തൽക്കാലം നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചപ്പോൾ കേരളം ഇക്കാര്യത്തിൽ അമിത ആവേശം കാണിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | മോട്ടോർവാഹന നിയമഭേദഗതി പ്രകാരം സെപ്റ്റംബർ 1 മുതൽ പുതിയ നിരക്കുകൾ നടപ്പിലാക്കേണ്ട നിയമപരമായ ബാധ്യത സംസ്ഥാന സർക്കാരിനുണ്ടായിരുന്നു എന്നതിനാലാണ് പുതിയ നിയമം നടപ്പിലാക്കാനായി വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അമിത ആവേശം കാണിച്ചു എന്ന ആക്ഷേപം അടിസ്ഥാന രഹിതമാണ്. |
| (ഡി) | പുതിയ കേന്ദ്ര നിയമഭേദഗതി നടപ്പിലാക്കിയ സെപ്റ്റംബർ 1 മുതൽ 15 വരെ സംസ്ഥാനത്ത് മോട്ടോർ വാഹന നിയമലംഘനങ്ങളുടെ പേരിൽ കൂടിയ നിരക്കിലുള്ള പിഴ ഈടാക്കിയിരുന്നോ; | (ഡി) | ഈ കാലയളവിൽ പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്ന നടപടികളാണ് സ്വീകരിച്ചത്, എങ്കിലും ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ ഉണ്ടാകുന്ന അപകടം മൂലം ജീവൻ പൊലിയുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുമ്പോൾ ഗതാഗത | (ഇ) | പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ അപകടങ്ങൾ നല്ല റോഡുകളിലാണ് ഉണ്ടാകുന്നത്. കാരണം ബഹു ഭൂരിപക്ഷം അപകടങ്ങളും ഡ്രൈവറുടെ അശ്രദ്ധ മൂലമാണ് ഉണ്ടാകുന്നത്. ഇത് |

| | | | |
|---|---|---|---|
| | നിയമലംഘനത്തിന്റെ പേരിൽ വൻ തുക ഈടാക്കുവാനുള്ള കേന്ദ്ര നിർദ്ദേശം നീതികരിക്കാവുന്ന ഒന്നാണോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം ഇടപെടലുകളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് ആവശ്യമാണ്. അതിന്റെ ഭാഗമായി നിയമ ലംഘനങ്ങൾക്കുള്ള പിഴതുകയും ശിക്ഷയും വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണ്. എന്നിരുന്നാലും പെട്ടെന്നുള്ള വർദ്ധന മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന് കുറയ്ക്കാൻ കഴിയുന്ന പിഴ തുകകൾ കുറച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**